2005, ജൂൺ 9

**മരിച്ച നിക്ഷേപകന്റെ അക്കൗണ്ടുകൾ:**
**അവകാശവാദങ്ങൾ തീർപ്പാക്കുന്നതിൽ അസൗകര്യവും ബുദ്ധിമുട്ടും ഒഴിവാക്കുക:**
**ആർ.ബി.ഐ ബാങ്കുകളോട് പറയുന്നു.**

നിക്ഷേപകന്റെ മരണാനന്തരം അവകാശവാദങ്ങൾ വേഗത്തിലും തടസ്സം കൂടാതെയും പരിഹരിക്കാനായി, ഐദർ ഓർ സർവൈവർ നിബന്ധനയുള്ളതോ നാമനിർദ്ദേശിതൻ ഉള്ളതോ ആയ അക്കൗണ്ടുകൾ ഉള്ളവരുടെ മരണശേഷം അക്കൗണ്ടുകളിൽ ഉള്ള പണം ഏറ്റവും കുറഞ്ഞ രേഖാസംബന്ധമായ ജോലികളോട് കൂടി മുക്തമാക്കാൻ പാകത്തിൽ ലളിതമായ നടപടിക്രമം പിൻതുടരണമെന്ന് ഭാരതീയ റിസർവ് ബാങ്ക് ബാങ്കുകളോട് ആവശ്യപ്പെട്ടിരിക്കുന്നു. മരിച്ച നിക്ഷേപകന്റെ അക്കൗണ്ടിൽ ബാക്കിയുള്ള തുക, അത് എത്രയാണെങ്കിലും, ഐദർ ഓർ നിബന്ധനപ്രകാരം അക്കൗണ്ടിൽ പേര് പറഞ്ഞിട്ടുള്ള അനന്തരാവകാശിക്കോ/അനന്തരാവകാശികൾക്കോ അവരിൽ നിന്നും യാതൊരു തരത്തിലുള്ള പിൻതുടർച്ചാവകാശ പ്രമാണമോ നിയമപ്രകാരം ഇയാൾ തന്നെയാണ് അവകാശി എന്നുകാണിക്കുന്ന കത്തോ മരണശാസന സാക്ഷ്യമോ വേണമെന്ന് നിർബന്ധിക്കാതെയും അവരിൽ നിന്ന് ഏതെങ്കിലും തരത്തിലുള്ള ഈടോ ഉറപ്പോ വാങ്ങാതെയും നൽകേണ്ടതാണ് എന്ന് ബാങ്കുകളോട് റിസർവ് ബാങ്ക് ഉപദേശിച്ചിട്ടുണ്ട്. ഇത് ജനങ്ങൾ നേരിടുന്ന പ്രയാസങ്ങൾക്ക് അറുതി വരുത്തും എന്നതിനാൽ ഇക്കാര്യത്തിന് വലിയ പ്രചാരം നൽകാനും അക്കൗണ്ട് ഉള്ളവർക്ക് ഐദർ ഓർ സർവൈവർ നിബന്ധനവച്ചോ നാമനിർദ്ദേശി തന്നെ ഏർപ്പെടുത്തിയോ അക്കൗണ്ടുകൾ നടത്തുന്നതിന്റെ നേട്ടം ബോധ്യപ്പെടുത്തുന്നതിനായി വേണ്ടി മാർഗ്ഗനിർദ്ദേശം നൽകാനും ബാങ്കുകളോട് റിസർവ് ബാങ്ക് ഉപദേശിച്ചിട്ടുണ്ട്.

ഐദർ ഓർ സർവൈവർ നിബന്ധനയോ നാമനിർദ്ദേശമോ ഇല്ലാത്ത അക്കൗണ്ടുകൾക്ക് മരിച്ച അക്കൗണ്ട് ഉടമകളുടെ അക്കൗണ്ടുകളിൽ ബാക്കിയുള്ള തുകയിൽ കുറഞ്ഞത് ഇത്ര വരെ പണം ഈടുറപ്പ് രേഖ മാത്രം ആവശ്യപ്പെട്ട് മറ്റ് രേഖകൾ ഒന്നും തന്നെ വേണമെന്ന് നിർബന്ധിക്കാതെ തന്നെ നൽകാവുന്നതാണ് എന്ന് നിശ്ചയിക്കണമെന്ന് ബാങ്കുകളോട് റിസർവ് ബാങ്ക് ആവശ്യപ്പെട്ടിട്ടുണ്ട്.

**മറ്റെന്താണ് റിസർവ് ബാങ്ക് പറഞ്ഞിട്ടുള്ളത്?**

ഭാരതീയ റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങളിൽ കാലാവധി നിക്ഷേപ അക്കൗണ്ടുകളും പണമൊഴുക്ക് കൈകാര്യവും സുരക്ഷാനിക്ഷേപലോക്കറുകളുടെ പ്രാപ്യതയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**കാലാവധി നിക്ഷേപങ്ങൾക്കുള്ള അക്കൗണ്ട്**

മരിച്ച നിക്ഷേപകരുടെ കാലാവധി നിക്ഷേപങ്ങളെ സംബന്ധിച്ചിടത്തോളം അത്തരം നിക്ഷേപം ഉള്ള വ്യക്തി മരിച്ചാൽ യാതൊരു പിഴയും കൂടാതെ അക്കൗണ്ടിന് അകാല സമാപ്തി അനുവദിക്കാൻ ബാങ്കുകളോട് റിസർവ് ബാങ്ക് ഇന്ത്യ ആവശ്യപ്പെട്ടിട്ടുണ്ട്. അത്തരം കാലാവധി നിക്ഷേപഅക്കൗണ്ട് തുറക്കാനുള്ള ഫോറത്തിൽ തന്നെ ഇങ്ങനെയൊരു നിബന്ധനചേർക്കാൻ റിസർവ് ബാങ്ക് ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**നിക്ഷേപകന്റെ മരണശേഷം ലഭിക്കുന്ന വരുമാനത്തിന്റെ ഒഴുക്കുകൾക്ക്**

മരണശേഷവും നിക്ഷേപകന്റെ അക്കൗണ്ടിലേക്ക് സ്വീകരിക്കപ്പെടേണ്ട പലിശ, ലാഭവിഹിത പത്രങ്ങൾ എന്നിവയുടെ തുടർപ്രവാഹത്തെ സംബന്ധിച്ച് നിയമപരമായ അവകാശികളുടെ അംഗീകാരം ലഭിച്ചതിനുശേഷം മാത്രം ബാങ്കുകൾ പരിഗണിക്കേണ്ട ചില നടപടികൾ റിസർവ് ബാങ്ക് നിർദ്ദേശിച്ചിട്ടുണ്ട്. ശ്രീ/ശ്രീമതി ......................................... , (പരേതൻ/പരേത) യുടെ സ്വത്ത് എന്ന പേരിൽ ബാങ്കുകൾക്ക് അക്കൗണ്ട് തുടങ്ങി അത്തരത്തിലുള്ള വരുമാന പ്രവാഹമൊക്കെ വരവ് വയ്ക്കാം, എന്നാൽ പിൻവലിക്കലുകൾ പാടില്ല. അതേസമയം അക്കൗണ്ട് ഉടമ അന്തരിച്ചു എന്ന അറിയിപ്പോടെ അത്തരം പണ മടവുനിർദ്ദേശങ്ങൾ അടയ്ക്കുന്നയാൾക്ക് തന്നെ തിരിച്ചയയ്ക്കുന്ന തുകയെപ്പറ്റി അനന്തരാവകാശി/നാമനിർദ്ദേശിതൻ നിയമാനുസൃത അനന്തരാവകാശി എന്നിവരെ അറിയിക്കാവുന്നതും അനുയോജ്യനായ ഗുണഭോക്താവിന് ആ പണം ലഭ്യമാക്കാൻ അവകാശി/നാമനിർദ്ദേശിതൻ/നിയമാനുസൃതമുള്ള അനന്തരാവകാശി എന്നിങ്ങനെയുള്ള ആർക്കെങ്കിലും ആവശ്യമായ നടപടിയെടുക്കവുന്നതുമാണ്.

**ലോക്കർ പ്രാപ്യത അനുവദിക്കൽ**

സുരക്ഷാനിക്ഷേപ ലോക്കറുകൾ, സുരക്ഷാ കസ്റ്റഡി വസ്തുക്കൾ എന്നിവ മരിച്ച നിക്ഷേപകന്റെ ആശ്രിതർക്കോ നാമനിർദ്ദിതനോ പ്രാപ്യമാകുന്നതിനും പൊതുവേ ഇതേ നടപടിക്രമം തന്നെ പാലിക്കാനും ബാങ്കുകളോട് റിസർവ് ബാങ്ക് ആവശ്യപ്പെട്ടുണ്ട്.

**അവകാശങ്ങൾ തീർപ്പാക്കുന്നതിനുള്ള സമയപരിധി**

ഉറച്ചനിക്ഷേപകരുടെ അക്കൗണ്ടുകളെ സംബന്ധിച്ച് ഐദർ ഓർ സർവൈവറോ നാമനിർദ്ദേശിതനോ ഉന്നയിക്കുന്ന അവകാശവാദങ്ങൾ തീർപ്പാക്കി അവകാശവാദവും. നിക്ഷേപകന്റെ മരണത്തിനുള്ള തെളിവും അവാകാശം ഉന്നയിക്കുന്ന ആളുടെ വ്യക്തിത്വം തെളിയിക്കുന്നതിനുള്ള രേഖയും ലഭിച്ച് 15 ദിവസത്തിനകം പണം നൽകേണ്ടതാണെന്നും റിസർവ് ബാങ്ക് ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത്തരം അവകാശവാദികൾക്ക് അനാവശ്യമായ എന്തെങ്കിലും അസൗകര്യമോ കഷ്ടപ്പാടോ ഉണ്ടാകാനിടയായാൽ അത് ഉന്നതരുടെ അപ്രീതിക്ക് കാരണമാകും എന്നും റിസർവ്വ് ബാങ്ക് ബാങ്കുകളോട് പറഞ്ഞിട്ടുണ്ട്.

പിന്നെയെന്തൊക്കെയാണ് ബാങ്കുകൾ ചെയ്യേണ്ടത്?

ബാങ്കുകൾ കൃത്യമായി തങ്ങൾക്ക് / ലഭിച്ച മരിച്ച നിക്ഷേപകരുടെ അക്കൗണ്ടുകൾക്കായുള്ള അവകാശവാദങ്ങളുടെ എണ്ണം എത്ര ലോക്കർ വാടക അക്കൗണ്ടുകൾ ലഭിച്ചു, അവയിൽ എത്രയെണ്ണം കഴിഞ്ഞു, എത്രയെണ്ണം 15 ദിവസത്തിനു ശേഷവും തീർപ്പാകാതെകിടക്കുന്നു എന്നീ കാര്യങ്ങൾ തങ്ങളുടെ ബോർഡുകൾ നിയോഗിച്ച ഉപഭോക്തൃസേവന സമിതിക്ക് നൽകണം. എന്തുകൊണ്ട് തീർപ്പാക്കാതെ കിടക്കുന്നു എന്ന വിവരം അവർ നൽകണം. മരിച്ച നിക്ഷേപകരുടെ അക്കൗണ്ടുകൾ സംബന്ധിച്ച അവകാശവാദങ്ങൾ തീർപ്പാക്കാനുള്ള മാതൃകാ നടപടിക്രമം ആർ.ബി.ഐ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ രൂപവത്കരിക്കണമെന്നും റിസർവ് ബാങ്ക് ഇന്ത്യൻ ബാങ്ക്സ് അസോസിയേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബാങ്കുകൾ നാമനിർദ്ദേശസൗകര്യം, അനന്തരാവകാശ നിബന്ധന എന്നിവയെപ്പറ്റി വേണ്ടത്ര പ്രചാരണം നൽകുകയും നിക്ഷേപ അക്കൗണ്ട് ഉള്ളവർക്ക് അതുസംബന്ധിച്ച് മാർഗ്ഗനിർദ്ദേശം നൽകുകയും വേണം എന്നും റിസർവ് ബാങ്ക് ആവശ്യപ്പെട്ടിട്ടുണ്ട്.

**അൽപ്പന കില്ലാവാല**

മുഖ്യപൊതുകാര്യദർശി

പത്രക്കുറിപ്പ് : 2004-2005/1298